LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ സംസ്ഥാനത്ത് ടാങ്കർ ലോറി അപകടങ്ങൾ കുറയ്ക്കുന്നതിന് ഗതാഗത വകുപ്പ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അമിത വേഗം, അമിത ഭാരം കയറ്റി വാഹനമോടിക്കൽ, സിഗ്നൽ ലംഘനം, ഡ്രൈവിംഗിനിടയിൽ മൊബൈൽ ഫോൺ ഉപയോഗം, മദ്യപിച്ച് വാഹനമോടിക്കൽ എന്നീ ട്രാഫിക് നിയമ ലംഘനങ്ങൾക്ക് ലൈസൻസ് റദ്ദാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ദേശീയ പാതകളിൽ ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ജി.പി.എസ്. അധിഷ്ഠിതമായ വാഹന നിരീക്ഷണ സംവിധാനം സംസ്ഥാനത്തെ ട്രാൻസ്പോർട്ട് വാഹനങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. മദ്യപിച്ചുകൊണ്ടുള്ള വാഹനമോടിക്കൽ അപകടങ്ങൾ കണ്ടെത്താനായി ആൾക്കോമീറ്റർ ഉപയോഗിച്ചുവരുന്നു.

(ബി) കണ്ണൂർ ജില്ലയിൽ 2020-ൽ എത്ര ടാങ്കർ ലോറി അപകടങ്ങൾ ഉണ്ടായിട്ടുണ്ട്?

2020 വർഷം കണ്ണൂർ ജില്ലയിൽ ടാങ്കർ ലോറികൾ അപകടത്തിൽപ്പെട്ടിതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(സി) ടാങ്കർ ലോറി അപകടങ്ങൾ കണക്കിലെടുത്ത് കണ്ണൂർ ജില്ലയിൽ ദുരന്തനിവാരണ യൂണിറ്റിനും ഫയർഫോഴ്സിനും ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽനിന്നും ഈ ഇനത്തിൽ ഫണ്ട് അനുവദിച്ചിട്ടില്ലാത്തതിനാൽ ഗതാഗത വകുപ്പിൽനിന്ന് നടപടി സ്വീകരിച്ചിട്ടില്ല.

വാഹനം ഓടിക്കുന്നവരുടെ ഫോൺ സംഭാഷണം

222(1207) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനം ഓടിക്കുമ്പോൾ ഫോൺ ഉപയോഗിച്ച് സംസാരിച്ചാൽ സ്വീകരിക്കുന്ന ശിക്ഷാനടപടികൾ സംബന്ധിച്ച നിയമവ്യവസ്ഥകൾ വിശദമാക്കാമോ?

വാഹനം ഓടിക്കുമ്പോൾ മൊബൈൽ ഫോൺ പോലുള്ള hand held communication device-കൾ ഉപയോഗിക്കുന്നത് 1988-ലെ കേന്ദ്ര മോട്ടോർ വാഹന നിയമം സെക്ഷൻ 184(c) പ്രകാരം കുറ്റകരമാണ്. പ്രസ്തുത നിയമ ലംഘനം കണ്ടുപിടിക്കപ്പെട്ടാൽ ജി.ഒ.(പി)നമ്പർ 37/2019/ട്രാൻസ്, തീയതി 26-10-2019-ലെ സർക്കാർ ഉത്തരവ് പ്രകാരം ആദ്യതവണ

2,000 രൂപയും ആവർത്തിച്ചുണ്ടാകുന്ന നിയമലംഘനത്തിന് 5,000 രൂപയും പിഴ ഈടാക്കുന്നതാണ്. കൂടാതെ മോട്ടോർ വാഹന നിയമം സെക്ഷൻ 206(4) പ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് ലൈസൻസ് പിടിച്ചെടുക്കാൻ വ്യവസ്ഥയുണ്ട്. ഇപ്രകാരം പിടിച്ചെടുക്കപ്പെടുന്ന ലൈസൻസ് Section 19(1A) അനുശാസിക്കുന്ന പ്രകാരം കുറ്റാരോപിതനായ വ്യക്തിക്ക് വിശദീകരിക്കാനുള്ള അവസരം നൽകിയശേഷം ആദ്യ തവണയുള്ള കുറ്റത്തിന് 3 മാസത്തേയ്ക്കും തുടർന്നും അതേ കുറ്റം ചെയ്തത് തെളിഞ്ഞാൽ ലൈസൻസ് റദ്ദാക്കാനും അധികാരപ്പെടുത്തിയിരിക്കുന്നു.

(ബി) വാഹനം ഓടിക്കുന്നതിനിടയിൽ ഡ്രൈവർമാർ ബ്ലൂടൂത്ത് ഉപയോഗിച്ച് ഫോണിൽ സംസാരിക്കുന്നത് വിലക്കിയിട്ടുണ്ടോ;

&

(സി) ഇക്കാര്യത്തിൽ നിലവിലുള്ള ആശയക്കുഴപ്പം നീക്കാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ഡ്രൈവിംഗിനിടെ ബ്ലൂടൂത്ത് സാങ്കേതികവിദ്യ ഉപയോഗിച്ച് ഫോണിൽ സംസാരിക്കുന്നത് Rules for Driving Regulations-ലെ റൂൾ 37-ന്റെ ലംഘനമാണ്. ബ്ലൂടൂത്ത് വഴി മൊബൈൽ ഫോൺ കണക്ട് ചെയ്ത് സംസാരിച്ചുകൊണ്ട് വാഹനമോടിക്കുന്നത് അപകടങ്ങൾക്ക് കാരണമാകുന്നുണ്ടെന്ന് കണ്ടെത്തിയിരിക്കുന്നു. ഇതിന് കേസ് എടുക്കാൻ 1988-ലെ മോട്ടോർ വാഹന നിയമത്തിൽ വ്യവസ്ഥയുണ്ട്.

റോഡ് സുരക്ഷ

223 (1208) ശ്രീ. മഞ്ഞളാംകുഴിഅലി:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. പി. അബ്ദുൽഹമീദ് :
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകളോടുചേർന്നുള്ള നടപ്പാതകൾ കാൽനട യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാകുംവിധം കയ്യേറി വാഹനങ്ങൾ പാർക്ക് ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) യാത്രാസ്വാതന്ത്ര്യം തടയുന്ന ഇത്തരം നടപടികൾക്കെതിരെ മോട്ടോർ വാഹന വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്?

LIBRARY ARCHIVES Kerala Legislative Assembly